# മോഷ്ടാക്കൾ പിടിയിൽ

ആലുവ സ്റ്റേഷൻപരിധിയിൽ വീട് കുത്തിത്തുറന്ന് മോഷണം നടത്തി വന്നിരുന്ന മോഷ്ടാക്കൾ പിടിയിൽ.

ആലുവ തായിക്കാട്ടുകര പട്ടേരിപുറം ഭാഗത്ത് വാടകക്ക് താമസിക്കുന്ന ദിനുവിൻെറയും ആലുവ പാലസിന് സമീപം ചിത്രാ ലെയിനിൽ മുഹമ്മദ് അലിയുടെയും വീട്ടിൽ മോഷണം നടത്തിയ ഇതര സംസ്ഥാനക്കാരെയാണ് ആലുവ എസ് ഐ ഫൈസലും പാർട്ടിയും പിടികൂടിയത്. രാജസ്ഥാനിലെ ദിൽ വാഡ ജില്ലക്കാരായ കൈലാസ് മകൻ വിനോദ് 23, ബദരി മകൻ സവർലാൽ,30 എന്നിവരാണ് പിടിയിലായത്.

അന്വേഷണ സംഘത്തിൽ ആലുവ SHO യെ കൂടാതെ, എസ് ഐ ജെർട്ടീനാ ഫ്രാൻസിസ്, എ എസ് ഐ അബ്ദുൾ കരീം CPO മാരായ നവാബ്, ഷമീർ എന്നിവരും ഉണ്ടായിരുന്നു. പ്രതികളുടെ പക്കൽ നിന്നും മോഷണത്തിനുപയോഗിച്ച ആയുധങ്ങളും പിടിച്ചെടുത്തതായി ആലുവ എസ് ഐ അറിയിച്ചു.




